**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2883** **14-02-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് ഒരേക്കർ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകും എന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) | **സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.**<br><br>**ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഇതുവരെ 41549 പേർക്കായി 51108.93 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | ഒരാൾക്ക് പോലും ഒരേക്കർ ഭൂമി നല്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ ; | (ബി) | **ഇല്ല. എന്നാൽ സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം.** |
| (സി) | പ്രസ്തുത വിഷയത്തിൽ എന്ത് തുടർനടപടി സ്വീകരിയ്ക്കുമെന്നു വ്യക്തമാക്കുമോ ? | (സി) | **ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

| | | | |
|---|---|---|---|
| | | | **ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനുള്ള നടപടികളും കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | വനാവകാശ നിയമം | | റവന്യൂ/ഫാം/ പ്രോജക്ട് ഭൂമി വിതരണം | | സ്വന്തമായി ഭൂമി വിലക്ക് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി | | ലാന്റ് ബാങ്ക് പദ്ധതി | | നിക്ഷിപ്ത വനഭൂമി വിതരണം | | പ്രളയ പുനരധിവാസം | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വിതരണം ചെയ്ത കൈവശാവകാശ രേഖകളുടെ എണ്ണം | വിസ്തൃതി (ഏക്കർ) | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
| തിരുവനന്തപുരം | 5635 | 7220.13 | | | | | 10 | 1.5 | | | | | 5645 | 7221.63 |
| കൊല്ലം | 1158 | 983.76 | 160 | 138.28 | 20 | 10.17 | | | | | | | 1338 | 1132.21 |
| ആലപ്പുഴ | | | 35 | 7.67 | 20 | 8.08 | | | | | | | 55 | 15.75 |
| പത്തനംതിട്ട | 1174 | 759.66 | 33 | 15.74 | 63 | 21.76 | | | | | | | 1270 | 797.15 |
| കോട്ടയം | 1406 | 1566.28 | 19 | 19.00 | 41 | 10.50 | 18 | 2.15 | | | | | 1484 | 1597.93 |
| ഇടുക്കി | 8488 | 14631.93 | 949 | 1460.00 | 16 | 11.98 | | | | | | | 9453 | 16103.91 |
| എറണാകുളം | 1164 | 2280.02 | 395 | 428.80 | 23 | 5.60 | | | | | | | 1582 | 2714.42 |
| തൃശ്ശൂർ | 823 | 899.89 | 37 | 13.18 | 22 | 5.30 | | | | | | | 882 | 918.37 |
| പാലക്കാട് | 2001 | 3984.62 | 97 | 21.84 | 64 | 19.01 | 73 | 16.63 | 1900 | 2497.22 | | | 4135 | 6539.32 |
| മലപ്പുറം | 945 | 710.36 | 61 | 46.38 | 26 | 7.35 | 34 | 5.26 | 604 | 200.8 | | | 1670 | 970.15 |
| കോഴിക്കോട് | 11 | 6.87 | 420 | 600.00 | 6 | 1.71 | 41 | 8.34 | 570 | 176.1 | | | 1048 | 793.02 |
| വയനാട് | 4755 | 3462.92 | 503 | 324.60 | 315 | 143.46 | 111 | 12.93 | 1563 | 2490.81 | 171 | 20.47 | 7418 | 6455.19 |
| കണ്ണൂർ | 1121 | 1685.28 | 3937 | 3813.37 | | | | | | | | | 5058 | 5498.65 |
| കാസർഗോഡ് | | | 114 | 123.43 | 200 | 141.14 | 47 | 11.66 | 150 | 75 | | | 511 | 351.23 |
| **ആകെ** | **28681** | **38191.72** | **6760** | **7012.29** | **816** | **386.04** | **334** | **58.47** | **4787** | **5439.93** | **171** | **20.47** | **41549** | **51108.93** |